(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് പ്രൊമോഷൻ മുഖേന സൂപ്രണ്ട്, കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് പ്ലെയ്സ്മെന്റ് നൽകി ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖാന്തരവും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുമുണ്ട്.

പുതുക്കാട് താലൂക്കാശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

64 (771) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് താലൂക്കാശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 1-3-2011-ലെ ജി.ഒ.(ആർടി.) നമ്പർ 821/11/എച്ച് ആന്റ് എഫ്.ഡബ്ല്യു.ഡി. പ്രകാരം താലൂക്കാശുപത്രിയായി ഉയർത്തിയ പുതുക്കാട് സി.എച്ച്.സി.-യിൽ 43 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ, നിലവിൽ ഒരു അസിസ്റ്റന്റ് സർജൻ അവധിയിലാണ്. ഒഴിവുള്ള ഒരു ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. ടി ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി സർക്കാരിൽ പ്രൊപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ടി പ്രൊപ്പോസൽ ഇപ്പോൾ പരിഗണിക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്.

കൊയിലാണ്ടി താലൂക്കാശുപത്രിയിൽ മോർച്ചറി നവീകരണം

65 (772) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിൽ മോർച്ചറി നവീകരണത്തിനായി എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് ഏത് വർഷമാണെന്നും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly